ഉത്തരം

ഇതുവരെ ആർക്കും പ്രവേശനം നൽകിയിട്ടില്ല. ഫീസിന്റെ കാര്യത്തിൽ അന്തിമ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡി.എം. കോഴ്സ് നിർത്തലാക്കുന്ന നടപടി

151 [5296] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡി.എം. കോഴ്സ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ കോഴ്സ് നിർത്തലാക്കാൻ വകുപ്പ് തലവനോ ബന്ധപ്പെട്ട അധികൃതരോ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാം സർക്കാർ മേഖലയിൽ ഡി.എം., ബി.എം., കോഴ്സുകൾ നടത്തിവരുന്നുണ്ട്; എന്ന് മുതലാണ് ഈ കോഴ്സുകൾ ആരംഭിച്ചത്; എത്ര സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) ബി.എം., ഡി.എം. കോഴ്സുകൾക്ക് നിലവിലുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഫാർമസി കൗൺസിലും എ.ഐ.സി.ടി. ഇ.-യും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എന്തെല്ലാമാണ് അവരുടെ ശുപാർശകൾ എന്ന് പറയാമോ;

(ഇ) ഡി.എം. കോഴ്സ് നടത്തുന്ന സ്വകാര്യമേഖലകളിലെ ചൂഷണം തടയുന്നതിന് ഉപകാരപ്രദമായ സർക്കാർ കോഴ്സുകൾ നിർത്തുന്നതിന് നിർദ്ദേശം സമർപ്പിച്ചതിന്റെ അടിസ്ഥാനം അന്വേഷണ വിധേയമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഫാർമസി വിഭാഗം തലവൻ ഇത്തരം ഒരാവശ്യം ഉന്നയിച്ചിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസിയുടെ ഡിപ്ലോമയും ഡിഗ്രി കോഴ്സുകളും നടത്തുന്നുണ്ട്. ഡിഗ്രി കോഴ്സിന് വേണ്ടത്ര സൗകര്യങ്ങളും, സ്റ്റാഫും, ഡി.എം. കോഴ്സ് നിർത്തുകവഴി ലഭിക്കും എന്നത് കൊണ്ടാണ് ഇത്തരം ഒരു നിർദ്ദേശം വച്ചിരുന്നത്.

(സി) ബി.എം. കോഴ്സ് തിരുവനന്തപുരം മെഡിക്കൽ കോളേജിലും, കോഴിക്കോട് മെഡിക്കൽ കോളേജിലുമാണ് നടത്തുന്നത്. ഡി.എം. കോഴ്സ് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ നടത്തുന്നുണ്ട്. ഡി.എം. കോഴ്സ് കഴിഞ്ഞ 25 വർഷത്തിലേറെയായി നടത്തിവരുന്നു. ബി.എം. കോഴ്സ് തിരുവനന്തപുരത്ത് 1967-ലും കോഴിക്കോട് മെഡിക്കൽ കോളേജിൽ 2000-ലും ആണ് ആരംഭിച്ചത്. സീറ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സ്	മെഡിക്കൽ കോളേജ്	സീറ്റുകളുടെ എണ്ണം
ഡി.ഫാം.	തിരുവനന്തപുരം	50
	കോഴിക്കോട്	50
	ആലപ്പുഴ	35
	കോട്ടയം	30
ബി.ഫാം.	തിരുവനന്തപുരം	28
	കോഴിക്കോട്	20

(ഡി) ഫാർമസി കൗൺസിൽ കോഴിക്കോട് ഫാർമസി കോളേജിൽ സ്റ്റാഫിന്റേയും സ്ഥല സൗകര്യങ്ങളുടേയും അപര്യാപ്തതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ എടുത്തുവരുന്നു.

(ഇ) ഇപ്പോൾ ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

കടിയങ്ങാട് ആയുർവേദ ഡിസ്പെൻസറിയെ ആശുപത്രിയാക്കണമെന്ന ആവശ്യം

152 [5297] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കടിയങ്ങാട് ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കടിയങ്ങാട് ആയുർവേദ ഡിസ്പെൻസറിയെ ആശുപത്രിയാക്കണമെന്ന ആവശ്യം കണക്കിലെടുത്ത് പ്രസ്തുത ഡിസ്പെൻസറിയെ പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

കറ്റാർവാഴയുടെ പേറ്റന്റ് അമേരിക്ക കൈവശപ്പെടുത്തിയതിനെതിരെ നടപടി

153 [5298] ശ്രീ. ഇ. എം. അഗസ്തി:
" ടി. വി. ചന്ദ്രമോഹൻ:
" കെ. അച്ചുതൻ:
" ടി. എൻ. പ്രതാപൻ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറ്റാർവാഴ അമേരിക്കൻ ഐക്യനാടുകളിലേക്ക് കടത്തുകയും അവിടെ ഈ സസ്യത്തിന്റെ നിരവധി ഹെക്ടർ തോട്ടമുണ്ടാക്കി ആയതിന്റെ എസൻസ് എടുത്ത് പേറ്റന്റും കരസ്ഥമാക്കി വിപണനം നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly